പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2101 23.03.2012-ൽ മറുപടിയ്ക്ക്

രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി :<br>ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ) എല്ലാ ഗ്രാമീണ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുന്നതിനാവശ്യമായ വൈദ്യുതി ലൈനുകൾ നിർമ്മിക്കുകയും, ദാരദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുകയുമാണ് ആർ. ജി. ജി. വി. വൈ യുടെ ഉദ്ദേശലക്ഷ്യം. |
| (ബി) ബി. പി. എൽ-ലും പട്ടികജാതിയിലുംപെട്ട കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് ഈ പദ്ധതിയിൽ എന്തെല്ലാം സൗകര്യങ്ങൾ നൽകിയിട്ടുണ്ട് ; | (ബി) ആവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച്, എച്ച്. റ്റി, എൽ. റ്റി ലൈനുകൾ നിർമ്മിച്ച് പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ട ദാരിദ്ര്യ രേഖക്ക് താഴെയുള്ള വീടുകൾ സൗജന്യമായി ഈ പദ്ധതി പ്രകാരം വൈദ്യുതീകരിക്കുന്നു. |
| (സി) അടുത്ത രണ്ട് വർഷത്തേക്ക് ഈ പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ? | (സി) ആർ. ജി. ജി. വി. വൈ പദ്ധതി പ്രകാരം സംസ്ഥാനത്ത് 204.4 കോടി രൂപ ചെലവഴിച്ച് സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും വൈദ്യുതി ലഭ്യമാക്കുകയും ദാരിദ്ര്യരേഖക്ക് താഴെയുള്ളള്ള 58,000 കുടുംബങ്ങളുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.